## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3494     18.02.2013 ലെ മറുപടിക്ക്

# കേന്ദ്രാവിഷ്കൃത പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ് : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം നടപടികളും പദ്ധതികളുമാണ് പഞ്ചായത്ത് വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിമാത്രമാണ് ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കി വരുന്നത്. |
| (ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഐ.സി.ഡി.എസ്.കളുടെ ശാക്തീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ? | (ബി) ഐ.സി.ഡി.എസ്.കളുടെ ശാക്തീകരണത്തിനായി പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്നതും സ്വന്തമായി സ്ഥലമുള്ളതുമായ 700 അംഗൻവാടികളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി NABARD-RIDF സ്കീമിൽ ഉൾപ്പെടുത്തി ഒരു അംഗൻവാടിയ്ക്ക് 7 ലക്ഷം രൂപ ക്രമത്തിൽ ആകെ 49 കോടി രൂപ നൽകുന്നതിന് 17.10.2012 ൽ SLEC മീറ്റിംഗിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതേ തുടർന്ന് ഓരോ |

അംഗൻവാടികൾക്കും പ്രത്യേക മായി ബന്ധപ്പെട്ട രേഖകൾ സഹിതം അതാതു പഞ്ചായത്ത് മുഖേന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഡിഡിപിഒ മുഖാന്തിരം ശേഖരിച്ച് ലഭ്യമാക്കാൻ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് നിർ ദ്ദേശം നൽകിയിരിക്കുകയാണ്. ഒരു നിയോജക മണ്ഡലത്തിൽ ഒരു അംഗൻവാടി എന്ന കണക്കിൽ സംസ്ഥാനത്തൊട്ടാ കെ 140 അംഗൻവാടികൾ മാതൃകാ അംഗൻവാടികളായി ഉയർത്തുന്ന തിന് 10 സെന്റ് സ്ഥലം ലഭ്യമായ 31 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്ത രവ് പുറപ്പെടുവിക്കുകയുണ്ടായി. കെട്ടിട നിർമ്മാണ ത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ